**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 51** **12-10-2026-ൽ മറുപടിയ്ക്ക്**

**കൊണ്ടോട്ടി മണ്ഡലത്തിൽ പുതിയ കോടതി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. ടി. പി. അഷ്റഫലി ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** നിലവിൽ കോടതികളൊന്നും ഇല്ലാത്ത കൊണ്ടോട്ടി മണ്ഡലത്തിൽ ഒരു കോടതി സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത വിഷയത്തിൽ ഇത് വരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

**മറുപടി:** കൊണ്ടോട്ടി താലൂക്ക് കേന്ദ്രീകരിച്ച് കോടതി അനുവദിക്കുന്നത് സംബന്ധിച്ച് ആഭ്യന്തര വകുപ്പിൽ ലഭ്യമായ നിവേദനത്തിൽ ബഹു.ഹൈക്കോടതിയിൽ നിന്നും റിപ്പോർട്ട് ലഭ്യമാക്കിയിരുന്നു. കൊണ്ടോട്ടിയിൽ ഒരു മുൻസിഫ് മജിസ്ട്രേറ്റ് കോടതി സ്ഥാപിക്കുന്ന വിഷയം നിലവിൽ ഹൈക്കോടതിയുടെ പരിഗണനയിലാണെന്ന് ഹൈക്കോടതി രജിസ്ട്രാർ (ജില്ലാ ജുഡീഷ്യറി) അറിയിച്ചിട്ടുണ്ട് . ഹൈക്കോടതിയിൽ നിന്നും പ്രസ്തുത ശിപാർശ ലഭ്യമാകുന്ന മുറയ്ക്ക് സർക്കാർ ഈ വിഷയം പരിശോധിക്കുന്നതാണ്.

**(ബി)** ഉണ്ടെങ്കിൽ കൊണ്ടോട്ടിയിൽ കോടതി ആരംഭിക്കുന്ന വിഷയത്തിൽ ഇത് വരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പ്രദേശമായതും മലപ്പുറം ജില്ലാ അതിർത്തിയോട് ചേർന്നുള്ള പ്രദേശമായതും പരിഗണിച്ച്, കൊണ്ടോട്ടിയിൽ ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി സ്ഥാപിക്കുന്നതിന് അടിയന്തര പരിഗണന നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**